പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1569 — 06.03.2020-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി

ചോദ്യം — മറുപടി

ശ്രീ.ഐ.സി.ബാലകൃഷ്ണൻ — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിൽ കെ.എസ്.ആർ.ടി.സി.ക്ക് എത്ര ബസുകളാണ് ഉള്ളതെന്നറിയിക്കുമോ; | (എ) | 28.02.2020-ലെ കണക്ക പ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് (കെ.യു.ആർ.ടി.സി.) ഉൾപ്പെടെ ആകെ 6209 ബസുകളാണ് ഉള്ളത്. |
| (ബി) | പ്രസ്തുത ബസുകൾ ഉപയോഗിച്ച് ദിനംപ്രതി ശരാശരി എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | 2020 ഫെബ്രുവരി മാസത്തെ കണക്ക് പ്രകാരം ശരാശരി 4454 ഷെഡ്യൂളുകൾ പ്രതിദിനം ഓപ്പറേറ്റ് ചെയ്യിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ സ്ഥിരം ഡ്രൈവർമാർ എത്രപേരുണ്ട്; ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (സി) യും (ഡി) യും | കെ.എസ്.ആർ.ടി.സി.യിൽ 01/2020 ലെ കണക്കനുസരിച്ച് 10717 സ്ഥിരം ഡ്രൈവർമാരുണ്ട്. സാമ്പത്തിക പ്രതിസന്ധിയിൽ ആയ കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിന് സമഗ്ര പഠനം നടത്താൻ സർക്കാർ നിയോഗിച്ച പ്രൊഫ.സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ ശിപാർശ പ്രകാരം കെ.എസ്.ആർ.ടി.സി.യിലെ ബസ്-ജീവനക്കാർ അനുപാതം ദേശീയ ശരാശരിയേക്കാൾ കുറയ്ക്കേണ്ടത് അനിവാര്യമാണ്. ആയതിൻപ്രകാരം കേഡർ സ്ട്രെങ്ത് ക്രമപ്പെടുത്തുന്നതിനുള്ള നടപടികളും വർക്ക് സ്റ്റഡിയും നടന്നുവരികയാണ്. ആയതിനു ശേഷം മാത്രമേ ഡ്രൈവർ തസ്തികയിലെ സ്ട്രെങ്ത് നിർണ്ണയിക്കുവാനും ഒഴിവുകൾ ഉണ്ടോയെന്ന് കണക്കാക്കാനും നിർവ്വാഹമുള്ളു. |
| (ഡി) | ഇല്ലെങ്കിൽ ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തത് കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി മൂലമാണോയെന്നറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ